**കോട്ടയം ജില്ലാ കളക്ടറുടെ നടപടിക്രമം**
(ഹാജർ: ശ്രീ.പി.കെ.സുധീർ ബാബു ഐ.എ.എസ്)

ജി7- 20585/15/A തീയതി : 07-03-2019

വിഷയം :- Railway Doubling – LA RR Act 2013 പ്രകാരം കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ മുട്ടമ്പലം വില്ലേജിലെ സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച് - സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിൻമേൽ വിദഗ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ട് - അംഗീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. കോട്ടയം ജില്ലാ കളക്ടറുടെ 5.2.2019 ലെ ജി7-20585/15(13) നമ്പർ നടപടിക്രമം
2. 28.02.2019 ൽ No.KTYM/CN/10/LA നമ്പർ പ്രകാരം വിദഗ്ധസമിതി സമർപ്പിച്ച റിപ്പോർട്ട്

...............

മുളന്തുരുത്തി - ചെങ്ങന്നൂർ റെയിൽവേ പാത ഇരട്ടിപ്പിക്കലിനോടനുബന്ധിച്ച് കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ മുട്ടമ്പലം വില്ലേജിലെ ***2.0860 Hector*** സ്ഥലം Right to fair compensation and Transperency in Land Acquisition Rehabilitation and Resettlement Act 2013 ലെ Section 1 ൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് പരിശോധിക്കുന്നതിനായി സൂചന (1) പ്രകാരം ചുമതലപ്പെടുത്തിയിരുന്ന വിദഗ്ധസമിതി സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ടി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം വിദഗ്ധ സമിതി റിപ്പോർട്ട് പരിശോധിച്ചതിൽ ടി സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്ക് യുക്തവും വിശ്വാസയോഗ്യവും ജനങ്ങളുടെ ചുരുങ്ങിയ ഒഴിപ്പിക്കൽ, പശ്ചാത്തലസൌകര്യങ്ങൾക്കും പരിസ്ഥിതിക്ക് കുറഞ്ഞ ഉപദ്രവം , ബാധിക്കപ്പെട്ട വ്യക്തികൾക്ക് ഏറ്റവും കുറഞ്ഞ പ്രത്യാഘാതം എന്നിവ ഉറപ്പാക്കുന്നതായി കാണുന്നു.

മേൽ സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ മുട്ടമ്പലം വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട ***2.0860 Hector*** സ്ഥലം റെയിൽവേപാത ഇരട്ടിപ്പിക്കലിനായി ഏറ്റെടുക്കുന്നതിനു തീരുമാനിച്ച് ഉത്തരവാകുന്നു.

LA(RR) Act 2013 പ്രകാരമുള്ള പുനരധിവാസ പാക്കേജ് തയ്യാറാക്കി സമർപ്പിക്കുന്നതിനു സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റയിൽവേ കോട്ടയത്തിനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ

പകർപ്പ്: 1 സ്പെഷ്യൽ തഹസിൽദാർ
എൽ.എ (റയിൽവേ, കോട്ടയം)( തുടർനടപടികൾ സ്വീകരിക്കുന്നതിനായി)
2. ജില്ലാ കളക്ടറുടെ വെബ്സൈറ്റ്

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)

## കോട്ടയം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ : പി.കെ.സുധീർ ബാബു ഐ.എ.എസ്.)

ജി 7-20585/15 (ബി) തീയതി : 07-03-2019.

വിഷയം :- റെയിൽവേ ഡബിളിംഗ് -എൽ.എ (ആർ.ആർ.) ആക്ട് 2013 പ്രകാരം കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ അതിരമ്പുഴ, പെരുമ്പായിക്കാട് എന്നീ വില്ലേജുകളിലെ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിൻമേൽ വിദഗ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ട് അംഗീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. കോട്ടയം ജില്ലാ കളക്ടറുടെ 05-02-2019 ലെ ജി 7-20585/15 (ബി) നമ്പർ നടപടിക്രമം.

2. 28.02.2019 ലെ നമ്പർ KTYM/CN/10/LA നമ്പർ വിദഗ്ധ സമിതി റിപ്പോർട്ട്.

****

മുളന്തുരുത്തി - ചെങ്ങന്നൂർ റെയിൽവേ പാത ഇരട്ടിപ്പിക്കലിനോടനുബന്ധിച്ച് കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ അതിരമ്പുഴ വില്ലേജ്, പെരുമ്പായിക്കാട് വില്ലേജ് എന്നിവിടങ്ങളിലെ ***1.9012 ഹെക്ടർ*** സ്ഥലം Right to fair compensation and Transparency in Land Acquisition Rehabilitation and Resettlement Act 2013 ലെ സെക്ഷൻ -1 ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് പരിശോധിക്കുന്നതിനായി സൂചന (1) പ്രകാരം ചുമതലപ്പെടുത്തിയിരുന്ന വിദഗ്ധ സമിതി സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ടി നിയമത്തിന്റെ 8-ാം വകുപ്പ് പ്രകാരം വിദഗ്ധ സമിതി റിപ്പോർട്ട് പരിശോധിച്ചതിൽ ടി സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്ക് യുക്തതവും വിശ്വാസ യോഗ്യവും, ജനങ്ങളുടെ ചുരുങ്ങിയ ഒഴിപ്പിക്കൽ, പശ്ചാത്തല സൌകര്യങ്ങൾക്കും പരിസ്ഥിതിക്ക് കുറഞ്ഞ ഉപദ്രവം ബാധിക്കപ്പെട്ട വ്യക്തികൾക്ക് ഏറ്റവും കുറഞ്ഞ പ്രത്യാഘാതം എന്നിവ ഉറപ്പാക്കുന്നതായി കാണുന്നു.

മേൽ സാഹചര്യത്തില കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിലെ പെരുമ്പായിക്കാട്, അതിരമ്പുഴ എന്നീ വില്ലേജുകളിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട ***1.9012 ഹെക്ടർ*** സ്ഥലം റെയിൽവേ പാത ഇരട്ടിപ്പിക്കലിനായി ഏറ്റെടുക്കുന്നതിനു തീരുമാനിച്ച് ഉത്തരവാകുന്നു.

എൽ.എ. (ആർ.ആർ.) ആക്ട് 2013 പ്രകാരമുള്ള പുനരധിവാസ പാക്കേജ് തയ്യാറാക്കി സമർപ്പിക്കുന്നതിനു സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റെയിൽവേ കോട്ടയത്തിനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ
കോട്ടയം.

പകർപ്പ് :

1) സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റെയിൽവേ, കോട്ടയം (തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)
2) ജില്ലാകളക്ടറുടെ വെബ് സൈറ്റ്.

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ)